## പതിമൂന്നാം കേരള നിയമസഭ
### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 960

20/03/2012 -ൽ മറുപടിക്ക്

## സ്കൂൾ വാഹനങ്ങളിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങൾ നിരന്തരമായി അപകടത്തിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്ത് സ്കൂൾ കുട്ടികളെ കൊണ്ടു പോകുന്ന വാഹനങ്ങൾ അപകടങ്ങളിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാനാവശ്യമായ നിർദ്ദേശങ്ങൾ വിവിധ ഘട്ടങ്ങളിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നല്കിയിട്ടുണ്ട്. കൂടാതെ റോഡ് സുരക്ഷ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്താനും നിർദ്ദേശം നൽകി യിട്ടുണ്ട്. കേരള റോഡ് സുരക്ഷ അതോറിറ്റി തയ്യാറാക്കിയ 'റോഡ് സുരക്ഷ' എന്ന പുസ്തകം സ്കൂൾ കുട്ടികൾക്ക് വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്.<br><br>സ്കൂൾ കുട്ടികളുമായി പോകുന്ന വാഹനങ്ങൾ അപകടങ്ങളിൽപ്പെടാതിരിക്കാൻ എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളിലെല്ലാം മണിക്കൂറിൽ 40 കിലോ മീറ്റർ സ്പീഡ് എന്ന വേഗത സെറ്റ് ചെയ്തിട്ടുള്ള സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിലുള്ളതോ വാടകയ്ക്കെടുത്തതോ ആയതും സ്കൂൾ കുട്ടികളെ വഹിച്ചു കൊണ്ടു പോകുന്നതും ആയ വാഹന ങ്ങൾ ഓടിക്കുന്ന വ്യക്തിക്ക് വാഹനം ഓടിച്ചുള്ള 10 വർഷത്തിൽ കുറയാത്ത അനുഭവ പരിജ്ഞാന വും ഹെവിവാഹനങ്ങൾ ഓടിച്ചുള്ള 5 വർഷത്തിൽ കുറയാത്തതുമായ പരിജ്ഞാനവും ഉണ്ടായിരിക്കേ ണ്ടതാണ്. എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സ് ഓടിക്കുന്ന വ്യക്തി ഒരു കാരണവശാലും മദ്യപിച്ച് വാഹനം ഓടിക്കുക, അമിത വേഗതയിൽ വാഹനം ഓടിക്കുക, അശ്രദ്ധമായും അപകടകരമായതുമായ രീതിയിൽ വാഹനം ഓടിക്കുക തുടങ്ങിയ കുറ്റ കൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെട്ട വ്യക്തിയായി രിക്കരുത്. വാഹനത്തിൽ സഞ്ചരിക്കുന്ന കുട്ടികളെ സുരക്ഷിതമായി കയറ്റുന്നതിനും ഇറക്കുന്ന തിനുമായി വാഹനത്തിൽ ഒരു അറ്റൻഡർ ഉണ്ടായിരിക്കേണ്ടതാണ്. 1989 ലെ കേരള മോട്ടോർ |

വാഹന ചട്ടം 221 പ്രകാരം പബ്ലിക് സർവ്വീസ് വെഹിക്കിളിൽ യാത്രചെയ്യുന്ന 12 വയസ്സിൽ താഴെ പ്രായമുള്ള ഒരു കുട്ടിയെ ഒരു യാത്രക്കാരന്റെ പകുതിയായി കണക്കാക്കണമെന്നാണ് നിഷ്കർഷി ച്ചിട്ടുള്ളത്. 3 വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയെ യാത്രക്കാരനായി കണക്കാക്കേണ്ടതില്ലെന്നും പ്രസ്തുത ചട്ടം നിഷ്കർഷിക്കുന്നുണ്ട്. ഈ ചട്ടത്തിന് അനുസൃതമായി മാത്രമേ ഒരു എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസിൽ കുട്ടികളെ കയറ്റുവാൻ പാടുള്ളൂ. എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസിന്റെ കവാടങ്ങൾ വാതിൽ പാളികളാൽ സജ്ജീകരിച്ചിരിക്കണം. ബാഗുകളും മറ്റ് സാധന സാമഗ്രികളും സൂക്ഷിക്കുന്നതിനായി വാഹനത്തിൽ പ്രത്യേകം സ്ഥലം സജ്ജീകരി ച്ചിരിക്കണം. വാഹനത്തിൽ കയറുന്നതിനും ഇറങ്ങുന്നതിനും സ്കൂൾ കുട്ടികളെ സഹായിക്കുന്നതു കൂടാതെ ബസ് അറ്റൻഡർ വിദ്യാർത്ഥികളെ സുരക്ഷിതമായി റോഡ് മുറിച്ചു കടക്കുന്നതിനും സഹായിക്കേണ്ടതാണ്. സ്കൂൾ അധികാരികൾ/ അധ്യാപക രക്ഷാകർതൃ സംഘടനയിലെ അംഗങ്ങൾ, സ്കൂൾ ബസ്സിലെ ജീവനക്കാരുടെ സ്വഭാവവും അവർ നൽകുന്ന സേവനങ്ങളും മിന്നൽ പരിശോധന നടത്തി വിലയിരുത്തുന്നതിനും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപറഞ്ഞ നടപടികൾ ചട്ടത്തിന്റെ ഭാഗമാക്കുവാനുള്ള വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ ഗതാഗത വകുപ്പിൽ പൂർത്തിയായി വരുന്നു.

സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ പോലീസ് ആസ്ഥാനത്തുനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ ബസ്സിൽ കയറേണ്ട കുട്ടികളുടെ എണ്ണം, ബസ്സിന്റെ വേഗത, ഡ്രൈവറുടെ യോഗ്യത എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സ്കൂളുകളുടെ പരിസരത്ത് വേഗപരിധി നിയമം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എല്ലാ നടപടികളും സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആഭ്യന്തര വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇത് പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സ്കൂൾ തലത്തിൽ പ്രധാനാദ്ധ്യാപകർ, അധ്യാപക രക്ഷാകർതൃ |

സമിതികൾ, അധ്യാപകർ തുടങ്ങിയവരുൾ ക്കൊള്ളുന്ന മോണിറ്ററിംഗ് സമിതികൾ രൂപീകരി ച്ചിട്ടുണ്ട്. ഓരോ സ്കൂളിലും വാഹനത്തിൽ വരുന്ന കുട്ടികളുടെ വിവരം, ഡ്രൈവർമാരുടെ വിവരം തുടങ്ങിയവ അടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കുകയും ആവശ്യമെങ്കിൽ പകർപ്പ് പോലീസ് സ്റ്റേഷനിൽ നൽകാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പ്, പോലീസ് എന്നിവയുടെ സഹായത്താൽ ബസ് ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി വരുന്നു.

സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കുന്നത് ഉറപ്പുവരുത്തണമെന്ന് ഗതാഗത വകുപ്പ് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഗതാഗത സെക്രട്ടറി 1/10/2011 ൽ വിളിച്ചു ചേർത്ത വീഡിയോ കോൺഫറൻസിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനും ഉറപ്പു വരുത്തുന്ന തിനുമായി മോട്ടോർ വാഹന വകുപ്പ്, പോലീസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഓവർലോഡിംഗ്, ലൈസൻ സില്ലാത്ത ഡ്രൈവർമാർ, വേണ്ടത്ര പ്രവൃത്തി പരിചയമില്ലാത്ത ഡ്രൈവർമാർ, സ്കൂൾ വാഹനങ്ങൾ ഓടിക്കുന്ന രീതി, ഉപയോഗയോഗ്യമല്ലാത്ത സ്പീഡ് ഗവർണ്ണർ, കുട്ടികളെ മുൻസീറ്റിൽ വച്ചു കൊണ്ടു വാഹനങ്ങൾ ഓടിക്കുക, ഡോർ അറ്റൻഡർ ഇല്ലാതിരിക്കുക തുടങ്ങിയ അപാകതകൾ കണ്ടെത്തി നടപടി സ്വീകരിച്ചു വരുന്നു.

ആഭ്യന്തരവകുപ്പ്, വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പ് വരുത്തുവാനുള്ള നടപടികളുടെ ഭാഗമായി പ്ലാൻ ഫണ്ട്, MOPF ഫണ്ട്, റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് എന്നിവ ഉപയോഗിച്ച് ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളായ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, ആൽക്കോമീറ്ററുകൾ എന്നിവ വാങ്ങി ജില്ലകൾക്ക് നൽകുകയും അവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ